ആനന്ദം ആനന്ദം ആനന്ദമേ
സീയോൻ പ്രയാണികൾക്ക്
വീടോടടുക്കും തോറും

നൃത്തം ചെയ്‌വാനെൻ വിലാപം മാറ്റി – 2
ആനന്ദിച്ചാർക്കുവാൻ രട്ടു നീക്കി പുരു–
മോദാൽ നിറഞ്ഞെന്നും പാടി – പുകഴ്ത്തിടാം
മണവാളൻ മഹിമകളെണ്ണിയെണ്ണി
ആനന്ദം...

ഭൂസംഭവങ്ങൾ ഭയാനകമായ് – 2
നിറവേറുന്നത്യന്തം കൃത്യമായി – സ്തോത്രം
ഇവയൊക്കെ കാണുമ്പോൾ അരുമ
മണവാളൻ വരവിനു താമസം ഏറെയില്ല
ആനന്ദം...

കർത്താവു ഗംഭീരനാദത്തോടും – 2
പ്രധാനദൂതൻ്റെ ശബ്ദത്തോടും മഹാ–
ദൈവത്തിൻ കാഹളനാദത്തോടും കൂടെ–
സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ നിന്നു വരും
ആനന്ദം...

സർവ്വരത്നങ്ങളാൽ നിർമ്മിതമാം – 2
മോഹനമായൊരു പട്ടണത്തിൽ – പ്രാണ
പ്രിയനുമായ് നിത്യ രാജപ്രതാപത്തിൽ
വാണിടും നിസ്തുല്യ തേജസ്സേറി
ആനന്ദം...2

Aanandam Aanandam Aanandame
Seeyonͯ Prayaanikalͯkku
Veetotatukkum Thorum

Nruttham Cheyvaanenͯ Vilaapam Maatti – 2
Aanandicchaarͯkkuvaanͯ Rattu Neekki Puru–
Modaalͯ Niranjennum Paati – Pukazhtthitaam
Manavaalanͯ Mahimakalenniyenni
Aanandam...
Bhoosambhavangalͯ Bhayaanakamaayu – 2
Niraverunnathyantham Kruthyamaayi – Sthothram
Ivayokke Kaanumpolͯ Aruma
Manavaalanͯ Varavinu Thaamasam Ereyilla
Aanandam...
Karͯtthaavu Gambheeranaadatthotum – 2
Pradhaanadoothanͯre Shabdatthotum Mahaa–
Dyvatthinͯ Kaahalanaadatthotum Koote–
Svarͯggaadhisvarͯggatthilͯ Ninnu Varum
Aanandam...
Sarͯvvarathnangalaalͯ Nirͯmmithamaam – 2
Mohanamaayoru Pattanatthilͯ – Praana
Priyanumaayu Nithya Raajaprathaapatthilͯ
Vaanitum Nisthulya Thejaseri
Aanandam...2